"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- മലപ്പുറം നഗരസഭയിൽ നിന്ന് 30.04.2015-ൽ ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ വിരമിച്ച ശ്രീ.പി.സുബ്രഹ്മണ്യൻ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഒ.പി. (KAT) 357/2015 നം. കേസിൽ 05/03/2020- ൽ പുറപ്പെടുവിച്ച വിധിന്യായം- നടപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.3174/2022/LSGD തീയതി,തിരുവനന്തപുരം, 22-12-2022

പരാമർശം:-

1. ശ്രീ.പി.സുബ്രഹ്മണ്യൻ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഒ.പി. (KAT) 357/2015 നം. കേസിലെ 05/03/2020 തീയതിയിലെ വിധിന്യായം.
2. മലപ്പുറം നഗരസഭയിൽ നിന്ന് 30.04.2015ൽ ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ വിരമിച്ച ശ്രീ.പി.സുബ്രഹ്മണ്യൻ സമർപ്പിച്ച 05.05.2020 തീയതിയിലെ ഹർജി
3. നഗരകാര്യ ഡയറക്ടറുടെ 23.09.2022 തീയതിയിലെ ഡിയുഎ/462/2022-ഇ5- നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മുനിസിപ്പൽ കോമൺ സർവ്വീസിൽ മലപ്പുറം നഗരസഭയിൽ നിന്ന് 30.04.2015 ൽ ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ വിരമിച്ച ശ്രീ.പി.സുബ്രഹ്മണ്യൻ, 1981 ൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ താത്കാലിക നിയമനം ലഭിച്ച് കാസർഗോഡ് നഗരസഭയിൽ സേവനത്തിൽ പ്രവേശിക്കുകയും, തുടർന്ന് കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന 1981 ൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ കോഴിക്കോട് നഗരസഭയിൽ നിയമനം ലഭിച്ചിക്കുകയും ചെയ്തു. ആയതിനു ശേഷം കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന 1985 ൽ പഞ്ചായത്ത് സർവീസിൽ കൽപ്പറ്റ പഞ്ചായത്തിൽ സാനിട്ടറി ഇൻസ്പെക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുകയും, തുടർന്ന് 01.04.1990 മുതൽ കൽപ്പറ്റ പഞ്ചായത്ത് മുനിസിപ്പാലിറ്റിയായി ഉയർത്തുകയും പഞ്ചായത്തിൽ തുടർന്നിരുന്ന ജീവനക്കാരെ സമാന തസ്തികയിൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ അബ്സോർബ് ചെയ്യുകയും ഹർജിക്കാരനെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ അബ്സോർബ് ചെയ്തതിനെതിരെ ടിയാൻ ഫയൽ ചെയ്ത ഒ.പി.2809/92 നമ്പർ കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ ടിയാനെ 01.04.1990 പ്രാബല്യത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ അബ്സോർബ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. സമാനമായ രീതിയിൽ സേവനത്തിൽ തുടർന്ന ഒരു ജീവനക്കാരനെ പഞ്ചായത്ത്

സർവ്വീസിൽ പ്രവേശിച്ച തീയതി മുതൽ സീനിയോറിറ്റി ബഹു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിനെതിരെ ഹെൽത്ത് വിഭാഗത്തിലെ ജീവനക്കാർ ഫയൽ ചെയ്ത കേസിൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ഹർജിക്കാരൻ ഉൾപ്പെടെ പഞ്ചായത്ത് വകുപ്പിൽ നിന്നും മുനിസിപ്പൽ കോമൺ സർവീസിലേയ്ക്ക് അബ്സോർബ് ചെയ്ത ജീവനക്കാരുടെ റാങ്കും സീനിയോറിറ്റിയും പുതുക്കി സർക്കാർ 17.08.2009 ലെ ജി.ഒ (ആർ.റ്റി) നം, 2102/09/തസ്വഭവ. നം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടറുടെ 19.01.2010 ലെ ഇ/4465/08 നമ്പർ ഉത്തരവ് പ്രകാരം ഹർജിക്കാരൻ ഉൾപ്പെടെയുള്ള ജീവനക്കാരുടെ സീനിയോറിറ്റി പുനഃനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. മേൽ ഉത്തരവിനെതിരെ ശ്രീ.പി.സുബ്രഹ്മണ്യൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ടിഎ 278/2014 നം. കേസിലെ 12.08.2015 ൽ പുറപ്പെടുവിച്ച ഉത്തരവിൽ സർക്കാർ ഉത്തരവ് തീയതിയായ 17.08.2009 തീയതി വരെ ടിയാൻ സീനിയോറിറ്റി പുനഃനിർണ്ണയിച്ചത് പ്രകാരം അധികമായി കൈപ്പറ്റിയ തുക തിരികെ പിടിക്കേണ്ടതില്ലെന്നും 17.08.2009 ന് ശേഷം കൈപ്പറ്റിയ തുക തിരികെ പിടിക്കുന്നതിനും ഉത്തരവായിരുന്നു. പ്രസ്തുത ട്രിബ്യൂണൽ ഉത്തരവിനെതിരെ ടിയാൻ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഒ.പി. (KAT) 357/2015 നം. കേസിൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ, ബഹു. ട്രൈബ്യൂണൽ ഉത്തരവ് ശരി വച്ചും, എന്നാൽ ഹർജിക്കാരൻ 30.04.2015 ൽ വിരമിച്ചിട്ടുള്ള സാഹചര്യം പരിഗണിച്ച് 17.8.2009 ന് ശേഷം അധികമായി കൈപ്പറ്റിയ തുക തിരികെ പിടിക്കുന്നതിനെതിരെ വിശദമായ ഹർജി സർക്കാരിൽ സമർപ്പിക്കുന്നതിനും, വിധിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭിച്ച തീയതി മുതൽ 3 ആഴ്ചയ്ക്കുള്ളിൽ അത്തരമൊരു ഹർജി സമർപ്പിക്കുകയാണെങ്കിൽ ട്രിബ്യൂണലിന്റെ ഉത്തരവിലെയും ഹൈക്കോടതി വിധിയിലെയും ഏതെങ്കിലും നിരീക്ഷണങ്ങൾക്ക് വിധേയമാകാതെ ആയത് പരിഗണിക്കുന്നതിനും സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

4. മേൽ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ.പി.സുബ്രഹ്മണ്യൻ സമർപ്പിച്ച പരാമർശം (2) ഹർജി പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടായ തെറ്റ് കൊണ്ട് സർവ്വീസിൽ നിന്നും പിരിഞ്ഞ ഒരു ഉദ്യോഗസ്ഥനിൽ നിന്നും കൈപ്പറ്റിയ വേതനം തിരിച്ചുപിടിക്കുന്നത് നീതീകരിക്കത്തക്കതല്ലായെന്നും തന്റെ ഹർജി പരിഗണിച്ചും സത്യാവസ്ഥ മനസ്സിലാക്കിയും യാതൊരു റിക്കവറി നടപടികളും സ്വീകരിക്കരുതെന്നും ഫയൽ അവസാനിപ്പിച്ച് ഉത്തരവുണ്ടാകണമെന്നും അപേക്ഷിച്ചിരുന്നു.

5. ഇക്കാര്യത്തിൽ നഗരകാര്യഡയറക്ടറുടെ പരാമർശം (3) റിപ്പോർട്ട് പ്രകാരം ശ്രീ.പി.സുബ്രഹ്മണ്യൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ടിഎ 278/2014 നം. കേസിലെ 12.08.2015 ൽ പുറപ്പെടുവിച്ച ഉത്തരവിനെതിരെ ടിയാൻ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഒ.പി. (KAT) 357/2015 നം. കേസിൽ 05/03/2020 ൽ പുറപ്പെടുവിച്ച ഉത്തരവിൽ, ബഹു. ട്രൈബ്യൂണൽ ഉത്തരവ് ശരി വച്ചിട്ടുള്ളതുമാണ്. എന്നാൽ ഹർജിക്കാരൻ 30.04.2015 ൽ വിരമിച്ചിട്ടുള്ള സാഹചര്യം പരിഗണിച്ച് തുക തിരികെ പിടിക്കുന്നതിനെതിരെ ടിയാൻ സർക്കാരിൽ സമർപ്പിച്ച ഹർജിയിന്മേൽ ഉചിതമായ തീരുമാനം സർക്കാർ തലത്തിൽ സ്വീകരിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ അറിയിച്ചിരുന്നു.

6. ശ്രീ.പി.സുബ്രഹ്മണ്യൻ സമർപ്പിച്ച ഹർജി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. കെ.എസ്.ആർ ഭാഗം III ചട്ടം 3(സി) പ്രകാരം ഒരു ജീവനക്കാരന്

വിരമിക്കലിന് ശേഷം നാല് വർഷകാലയളവിനുള്ളിൽ കണ്ടുപിടിക്കപ്പെട്ടതും അയാളുടെ വിരമിക്കലിന് മുമ്പ് നാല് വർഷക്കാലയളവിനുള്ളിൽ അബദ്ധവശാൽ അയാൾക്ക് നൽകിയിട്ടുള്ളതുമായ അധികതുകകൾ, വിരമിക്കലിനുശേഷം അയാൾക്ക് ലഭിക്കേണ്ട പെൻഷനിൽ നിന്നും മറ്റ് തുകകളിൽ നിന്നും കുറവ് ചെയ്ത് വസൂലാക്കാവുന്നതാണ്. ഇത്തരത്തിൽ വസൂലാക്കുന്ന രൂപയുടെ പൂർണ്ണാങ്കത്തിൽ മാസത്തവണകളായി മാത്രം നടത്തേണ്ടതും ഓരോ തവണത്തുകയും അയാൾക്ക് അനുവദനീയമായ മാസപെൻഷന്റെ പത്തു ശതമാനം കവിയാൻ പാടില്ലാത്തതുമായിരിക്കണം എന്ന നിബന്ധനയ്ക്ക് വിധേയമായിട്ടാണ്. ശ്രീ. പി.സുബ്രഹ്മണ്യൻ 30.04.2015-ൽ വിരമിച്ചിട്ടുള്ള സാഹചര്യം പരിഗണിച്ച് തുക തിരികെ പിടിക്കുന്നതിനെതിരെ വിശദമായ ഹർജി സർക്കാരിൽ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിരുന്നതിന്റെയടിസ്ഥാനത്തിലാണ് ടിയാൾ നിലവിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ഇക്കാര്യം പരിശോധിച്ചതിൽ ടിയാൻ സർക്കാരിൽ സമർപ്പിച്ച ഹർജി പരിഗണിച്ച് സീനിയോറിറ്റി പുനഃനിർണ്ണയിച്ചത് പ്രകാരം 17.08.2009 ന് ശേഷം ടിയാൻ അധികമായി കൈപ്പറ്റിയ തുക തിരികെ പിടിക്കുന്നത് ഒഴിവാക്കാവുന്നതല്ല.

7. മേൽ സാഹചര്യത്തിൽ സീനിയോറിറ്റി പുനഃനിർണ്ണയിച്ചത് പ്രകാരം 17.08.2009 ന് ശേഷം അധികമായി കൈപ്പറ്റിയ തുക തിരികെ പിടിക്കുന്നത് ഒഴിവാക്കണമെന്ന ആവശ്യവുമായി മലപ്പുറം നഗരസഭയിൽ നിന്ന് 30.04.2015ൽ ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ വിരമിച്ച ശ്രീ.പി.സുബ്രഹ്മണ്യൻ സമർപ്പിച്ച ഹർജി പരിഗണിക്കാനാകുന്നതല്ലായെന്നതിനാൽ ആയത് നിരസിച്ച് തീർപ്പാക്കി ഉത്തരവാകുന്നു.

8. മേൽ പ്രകാരം ബഹു.കേരള ഹൈക്കോടതിയുടെ 05.03.2020 തീയതിയിലെ പരാമർശം (1) ഉത്തരവിലെ നിർദ്ദേശം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖകത്ത് സഹിതം)
ശ്രീ.പി.സുബ്രഹ്മണ്യൻ, റിട്ട. ഹെൽത്ത് സൂപ്പർവൈസർ മലപ്പുറം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Sonu Jacob
Date: 22-12-2022 16:54:26
സെക്ഷൻ ഓഫീസർ